## 15 -ാം കേരള നിയമസഭ

## 8 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1940** **08-02-2023 - ൽ മറുപടിയ്ക്ക്**

## ക്ഷീരഗ്രാമം പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ഡി കെ മുരളി** | | **ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി)** | |
| (എ) | ക്ഷീരഗ്രാമം പദ്ധതി എന്താണെന്ന് വിശദമാക്കാമോ; | (എ) | കൃഷിയും അനുബന്ധ പ്രവർത്തനങ്ങളും ഉപജീവനമായിട്ടുള്ള കർഷകർ കൂടുതൽ ഉള്ളതും ക്ഷീരവികസനത്തിന് കൂടുതൽ സാധ്യതയുള്ളതുമായ പഞ്ചായത്തുകളെയാണ് ക്ഷീരഗ്രാമം പദ്ധതിയ്ക്കായി തെരഞ്ഞെടുക്കുന്നത്. ഇത്തരം പ്രദേശങ്ങളിൽ പാലുല്പാദനം വർദ്ധിപ്പിക്കുക എന്നതാണ് ക്ഷീരഗ്രാമം പദ്ധതിയുടെ ലക്ഷ്യം. ക്ഷീരവൃത്തിയിൽ ഗ്രാമപഞ്ചായത്തുകളെ സ്വയംപര്യാപ്തമാക്കുക എന്നതാണ് ക്ഷീരഗ്രാമം പദ്ധതിയുടെ മുഖ്യലക്ഷ്യം |
| (ബി) | ക്ഷീരഗ്രാമം പദ്ധതി പ്രകാരം തെരഞ്ഞെടുത്ത പഞ്ചായത്തുകളിലെ ക്ഷീരകർഷകർക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് ലഭിക്കുന്നതെന്ന് വിശദമാക്കാമോ; | (ബി) | ക്ഷീരഗ്രാമം പദ്ധതിയിൽ ഉൾപ്പെട്ട കർഷകർക്ക് 2 പശു യൂണിറ്റ്, 5 പശു യൂണിറ്റ്, ആവശ്യാധിഷ്ഠിത ധനസഹായം, കറവയന്ത്രം വാങ്ങുന്നതിനുള്ള ധനസഹായം, ധാതുലവണ മിശ്രിത വിതരണം എന്നിവയ്ക്കുള്ള ധനസഹായമാണ് ലഭ്യമാക്കുന്നത്. |
| (സി) | 2022-23 വർഷം ഏതെല്ലാം പഞ്ചായത്തുകളെയാണ് പ്രസ്തുത പദ്ധതി നടപ്പാക്കാൻ തെരഞ്ഞെടുത്തിട്ടുള്ളതെന്നും ഇതുവരെ എത്ര പഞ്ചായത്തുകളിൽ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടെന്നും വിശദമാക്കാമോ? | (സി) | 2022-23 വർഷം 20 ഗ്രാമപഞ്ചായത്തുകളെ ക്ഷീരഗ്രാമം പദ്ധതിയിൽ തെരഞ്ഞെടുത്തിട്ടുണ്ട്. പ്രസ്തുത പഞ്ചായത്തുകളുടെ വിവരം ചുവടെ ചേർക്കുന്നു. |

| ക്രമ നം | ജില്ല | ഗ്രാമപഞ്ചായത്ത് |
|---|---|---|
| 01. | ആലപ്പുഴ | ഭരണിക്കാവ് |
| 02. | എറണാകുളം | ആലങ്ങാട് |
| 03. | എറണാകുളം | അരക്കുഴ |
| 04. | ഇടുക്കി | വണ്ടിപെരിയാർ |
| 05. | കണ്ണൂർ | പരിയാരം |
| 06. | കാസർഗോഡ് | ചെമനാട് |
| 07. | കൊല്ലം | അഞ്ചൽ |
| 08. | കൊല്ലം | ചിതറ |
| 09. | കൊല്ലം | കല്ലുവാതുക്കൽ |
| 10. | കോട്ടയം | മരങ്ങാട്ടുപ്പള്ളി |
| 11. | കോട്ടയം | വാഴൂർ |
| 12. | കോഴിക്കോട് | നരിപ്പറ്റ |
| 13. | മലപ്പുറം | കരുളായി |

| | | |
|---|---|---|
| 14. | പാലക്കാട് | നഗലശ്ശേരി |
| 15. | പാലക്കാട് | ഷോളയാർ |
| 16. | പത്തനംതിട്ട | കടമ്പനാട് |
| 17. | തിരുവനന്തപുരം | പുല്ലമ്പാറ |
| 18. | തൃശ്ശൂർ | മാടക്കത്തറ |
| 19. | തൃശ്ശൂർ | താന്ന്യം |
| 20. | വയനാട് | മീനങ്ങാടി |

നിലവിൽ മേൽപറഞ്ഞ എല്ലാ പഞ്ചായത്തുകളിലും ക്ഷീരഗ്രാമം പദ്ധതി നടപ്പിലാക്കി വരുന്നു.

സെക്ഷൻ ഓഫീസർ